
**ഗാന്ധിയിലെ രാഷ്ട്രീയ വ്യക്തിത്വത്തെയും ആത്മീയവ്യക്തിത്വത്തെയും ഒരേ പോലെ പ്രകടമാക്കുകയും സ്വയം പൂർണ്ണതയിലെത്താനുള്ള ഗാന്ധിയുടെ നിരന്തരസംഘർഷങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുകയും ചെയ്യുന്ന മഹാത്മാ ഗാന്ധിയുടെ സമ്പൂർണ്ണ ജീവചരിത്രമായ നാരായൺ ദേസായി രചിച്ച എന്റെ ജീവിതം തന്നെ എന്റെ സന്ദേശം ഗാന്ധിയൻ ചിന്താപദ്ധതികളുടെ പ്രസക്തി പ്രകാശിത മാക്കുന്നുവെന്ന് ഇ.വി. രാമകൃഷ്ണൻ**


# പദയാത്രികന്റെ പഥങ്ങൾ

‘ഗാന്ധിമാർഗ’മെന്ന പേരിൽ ആകാശവാണിയിൽ ഒരു പരിപാടി (വെള്ളിയാഴ്ചതോറും ആണെന്നു തോന്നുന്നു) എഴുപതുകളിൽ ഞാൻ കേൾക്കാറുണ്ടായിരുന്നു. സ്വമനസ്സാലേയല്ല, ഞാൻ താമസിച്ചിരുന്ന ബന്ധുവീട്ടിൽ റേഡിയോ നിർബ്ബന്ധമായും തുറന്നുവെക്കുന്നതുകൊണ്ട് കേൾക്കേണ്ടിവന്നതാണ്. ഗാന്ധിസൂക്തങ്ങളും പ്രഭാഷണങ്ങളും കീർത്തനങ്ങളും മറ്റുമായിരുന്നു ആ പരിപാടിയുടെ ഉള്ളടക്കം. അവതരണത്തിലെ കൃത്രിമ ഗാംഭീര്യവും ഉള്ളടക്കത്തിലെ യാന്ത്രികതത്വവും ആ പരിപാടിക്ക് നൽകിയ ഔപചാരികതയുടെ അകൽച്ച എന്നിൽ ഗാന്ധിയെക്കുറിച്ചുളവാക്കിയ വൈമുഖ്യം പിൽക്കാലത്തും അയഞ്ഞില്ല. ഗാന്ധിയെ ഞാൻ അഭിമുഖീകരിച്ച സന്ദർഭങ്ങൾ ഭരണകൂടത്തിന്റെ സാന്നിദ്ധ്യം പിൻപറ്റിയിരുന്നു. അക്കാലത്തെ സിനിമകൾക്ക് മുമ്പായി പ്രദർശിപ്പിച്ചിരുന്ന ന്യൂസ്റീലുകൾക്ക് അകമ്പടി സേവിച്ച വിവരണങ്ങൾപോലെ വിദൂരവും വസ്തുനിഷ്ഠവുമായിരുന്നു എന്നെ സംബന്ധിച്ചേടത്തോളം ഗാന്ധിസാന്നിദ്ധ്യം.

1992 ൽ അയോദ്ധ്യാക്ഷേത്ര ധ്വംസനം നടക്കുന്നതിന്റെ തൊട്ടുമുമ്പുള്ള നാളുകളിൽ ഞാൻ സിംലയിൽനിന്ന് ദൽഹിയിലേക്കും അവിടെനിന്ന് സൂറത്തിലേക്കും സഞ്ചരിക്കുകയായിരുന്നു. കരസേവകർ സഞ്ചരിച്ച പ്രത്യേക ബസുകൾ തോരണങ്ങളോടെ മുദ്രാവാക്യമുഖരിതമായി ഞങ്ങളെ കടന്നുപോയി. നിയമപാലകർ ഒരിടത്തും അവരെ തടഞ്ഞില്ല. ഞാൻ സൂറത്തിൽ വണ്ടിയിറങ്ങുമ്പോഴേക്കും അവിടെ സാമുദായിക കലാപം തുടങ്ങിക്കഴിഞ്ഞിരുന്നു. ഒരു മാസം പിടിച്ചു അതിനെ അമർത്തി സമാധാനം പുനസ്ഥാപിക്കാൻ. കലാപത്തിനുശേഷം വീണ്ടും വിദ്യാർത്ഥികൾക്കു മുന്നിൽ നിന്നപ്പോൾ സാഹിത്യം എന്റെ നാവിനു



**എന്റെ ജീവിതം തന്നെ എന്റെ സന്ദേശം**
(നാല് വാല്യം)
നാരായൺ ദേസായി
പരിഭാഷ: കെ. സഹദേവൻ
പ്രസാധനം: കറന്റ് ബുക്സ്, തൃശൂർ
വില: 2600



**ഗാന്ധിയിൽ തത്ത്വങ്ങളും തന്ത്രങ്ങളും ഉണ്ട്. തത്ത്വങ്ങൾക്ക് ശാശ്വതമായ പ്രാധാന്യമുണ്ട്. തന്ത്രങ്ങൾ കാലികമായ പ്രയോഗങ്ങളുടെ ഭാഗമായിരുന്നു. ഖാദി ഗാന്ധിജിക്ക് പ്രായോഗികമായ തന്ത്രമായിരുന്നു. അതിനെ കാലത്തിനനുസരിച്ച് മാറ്റം വേണമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ദേശവും കാലവുമനുസരിച്ച് അതു മാറും. ഇന്ത്യയിൽത്തന്നെ ഖാദിയുടെ പ്രസക്തി അമ്പതുകൊല്ലത്തോളം കാലം നിലനിന്നേക്കും എന്നേ പറയാനാവുകയുള്ളു. എന്നാൽ അഹിംസ ഗാന്ധിജിയുടെ തത്ത്വങ്ങളിലൊന്നായിരുന്നു. അഹിംസയുടെ അർത്ഥതലങ്ങൾ അന്വേഷണങ്ങളിലൂടെ മാത്രമേ തുറന്നു കിട്ടുകയുള്ളു. ലക്ഷ്യംപോലെ മാർഗ്ഗവും അന്യൂനവും ശുദ്ധവുമായിരിക്കണമെന്നത് ഒരു ഗാന്ധിയൻ തത്ത്വമാണ്. അതിനൊരു കാലത്തും മാറ്റം വരില്ല**

വഴങ്ങിയില്ല. കൂട്ടക്കൊലകൾ നേരിൽക്കണ്ട ഒന്നിലധികം കുട്ടികൾ ആ ക്ലാസിലുണ്ടായിരുന്നു. കുറച്ചുനേരത്തെ മൗനത്തിനുശേഷം കുട്ടികൾ സംസാരിച്ചുതുടങ്ങി. വീട്ടിലെ ജനാലയിൽക്കൂടി റോഡ് മുറിച്ചുകടക്കുന്ന വൃദ്ധനെ തല്ലിക്കൊല്ലുന്ന ജനക്കൂട്ടത്തെ കണ്ട പാർസി പെൺകുട്ടി നടുക്കം മാറാത്ത വാക്കുകളോടെ വിതുമ്പി. തന്നെ ഇംഗ്ലീഷ് പഠിപ്പിച്ചിരുന്ന ഒരു അദ്ധ്യാപകന്റെ കുടുംബം പലായനം ചെയ്യുന്നത് നിസ്സഹായതയോടെ കണ്ട വിദ്യാർത്ഥിക്ക് ഇനി വീണ്ടും ഈ മുറിവുകളുണങ്ങുമോ എന്ന സംശയമുണ്ടായിരുന്നു. ഭയാശങ്കകൾക്കും ദുരന്തഭീതികൾക്കും ഇടയിൽ ഉത്തരത്തിനായി പരതുന്ന ആ യുവമനസ്സുകളിലൊരാൾ ഗാന്ധിയെ പരാമർശിച്ചു. ആ വാക്കിലൊരു സാന്ത്വനം ചിലരെങ്കിലും കണ്ടപോലെ തോന്നി. ഞാൻ പരിചയിച്ച, ഭരണകൂടത്തിന്റെ മാദ്ധ്യസ്ഥത്തിലൂടെ മാത്രം വെളിപ്പെട്ട, അമാനുഷപ്രവാചകനായിരുന്നില്ല ഈ ഗാന്ധി. നവഖാലിയിലും ദൽഹിയിലും മറ്റും മതഭ്രാന്തന്മാരുടെ മുന്നിൽ തന്റെ വിശ്വാസത്തിന്റെ പിൻബലത്തിൽ മാത്രം പതറാതെ നിന്ന ഒറ്റപ്പെട്ട മനുഷ്യനായിരുന്നു. നവഖാലിയിൽ ഗാന്ധിയുടെ സഹായിയായിരുന്ന നിർമൽകുമാർ ബോസ് രാംപൂർ എന്ന ഗ്രാമത്തിൽ ഒരു ദിവസം ഗാന്ധി സ്വയം ‘ഞാനെന്തു ചെയ്യും’, ‘ഞാനെന്തു ചെയ്യും’ എന്ന് ഒറ്റക്കിരുന്ന് സ്വയം പറയുന്നതായി കേട്ടത് രേഖപ്പെടുത്തിയിട്ടുണ്ട്. ഈ ഗാന്ധിയെ ഇന്ന് നമുക്ക് തിരിച്ച് പിടിക്കാനാവുമോ എന്നെനിക്കറിയില്ല. എങ്കിലും ആ ശ്രമം നമുക്കേറെ ഗുണം ചെയ്യുമെന്നതിന് സംശയമില്ല.

നാരായൺ ദേസായിയുടെ ഈ പുസ്തകം സ്ഥാപനവൽക്കരിക്കപ്പെട്ട ഗാന്ധിയിൽനിന്ന് ഗാന്ധിയെ വിമോചിപ്പിക്കാനുള്ള ശ്രമമാണ്. കല്ലിൽനിന്ന് ശില്പത്തെ മോചിപ്പിക്കുന്ന കലാകാരനെപോലെ അദ്ദേഹം ഈ കർമത്തെ സാക്ഷാത്ക്കരിക്കുന്നുമുണ്ട്. മൂർത്തമായ ചിത്രങ്ങളിലൂടെ സ്ഥലകാലങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുമ്പോൾ ഗാന്ധി ചരിത്രത്തിൽ ഇടപെടുന്ന മനുഷ്യനാവുന്നു. ഇരുപതുകൊല്ലത്തോളം ഗാന്ധിയോടൊപ്പം ജീവിച്ച നാരായൺ ദേസായ് ഗാന്ധി എഴുതിയതും ഗാന്ധിയെപ്പറ്റി എഴുതപ്പെട്ടതുമായ ഏതാണ്ട് എല്ലാ കൃതികളും വായിച്ചശേഷമാണ് ഇത്തരമൊരു കൃതിക്ക് പ്രസക്തിയുണ്ടെന്ന് കണ്ടത്. ഈ കൃതിയെപ്പറ്റി എന്നോട് സംസാരിച്ചപ്പോൾ ഒരിക്കലദ്ദേഹം പറഞ്ഞു, ‘ഗാന്ധിയിൽ തത്ത്വങ്ങളും തന്ത്രങ്ങളും ഉണ്ട്. തത്ത്വങ്ങൾക്ക് ശാശ്വതമായ പ്രാധാന്യമുണ്ട്. തന്ത്രങ്ങൾ കാലികമായ പ്രയോഗങ്ങളുടെ ഭാഗമായിരുന്നു. ഉദാഹരണമായി ഖാദി ഗാന്ധിജിയെ സംബന്ധിച്ചിടത്തോളം പ്രായോഗികമായ തന്ത്രമായിരുന്നു. അതിനെ കാലത്തിനനുസരിച്ച് മാറ്റം വേണമെന്ന് അദ്ദേഹത്തിനറിയാമായിരുന്നു. ദേശവും കാലവുമനുസരിച്ച് അതു മാറും. ഇന്ത്യയിൽത്തന്നെ ഖാദിയുടെ പ്രസക്തി അമ്പതുകൊല്ലത്തോളം കാലം നിലനിന്നേക്കും എന്നേ പറയാനാവുകയുള്ളു. എന്നാൽ അഹിംസ ഗാന്ധിജിയുടെ തത്ത്വങ്ങളിലൊന്നായിരുന്നു. അഹിംസയുടെ അർത്ഥതലങ്ങൾ ഗഹനമായ അന്വേഷണങ്ങളിലൂടെ മാത്രമേ തുറന്നു കിട്ടുകയുള്ളു. ലക്ഷ്യംപോലെ മാർഗ്ഗവും അന്യൂനവും ശുദ്ധവുമായിരിക്കണമെന്നത് ഒരു ഗാന്ധിയൻ തത്ത്വമാണ്. അതിനൊരു കാലത്തും

മാറ്റം വരില്ല.” നാരായണൻ ദേശായിയുടെ ആഖ്യാനത്തിൽ ഗാന്ധിയെ രൂപപ്പെടുത്തിയ ആശയ പശ്ചാത്തലങ്ങളുടെ ദീർഘവർണനകളുണ്ട്. ഗാന്ധിയുടെ അമ്മ മുസ്ലിം ദേവാലയത്തിലും പ്രാർത്ഥന നടത്തിയിരുന്നു. ഗാന്ധിയുടെ പിതാവ് പല മതപണ്ഡിതന്മാരുമായി സംഭാഷണങ്ങൾ നടത്തിയിരുന്നു. അധഃകൃതജാതിയിൽ പെട്ട വേലക്കാരിയെ തൊട്ടുകൂടെന്ന് അമ്മ ശാസിച്ചപ്പോൾ ഗാന്ധി ചെറുപ്രായത്തിലും പ്രതിഷേധിച്ചു. ഗാന്ധിയുടെ വേരുകൾ ഗുജറാത്തിലെ വൈഷ്ണ പാരമ്പര്യത്തിലും തേടേണ്ടതുണ്ട്. ഗുജറാത്തിയിൽ നിരന്തരം എഴുതിയ അദ്ദേഹം പ്രാദേശികമെന്നു നാം വ്യവഹരിക്കുന്ന അനുഭവമേഖലകളെ ഉല്ലംഘിച്ചാണ് ദേശീയലോകത്തിലേക്കു കടന്നത്. കടൽ കടന്നതിനുള്ള ജാതിവിലക്ക് ഗാന്ധിയെ ഏറെക്കാലം പിന്തുടർന്നു. തന്റെ യാത്രയയപ്പ് വേളയിൽ എഴുതി തയ്യാറാക്കിയ പ്രസംഗംപോലും വായിക്കാൻ കഴിയാതിരുന്ന ഗാന്ധി, ബാരിസ്റ്റർ ജീവിതത്തിന്റെ തുടക്കത്തിൽ കോടതിയിലൊരക്ഷരംപോലും പറയാനാവാതെ പരിഹാസ്യനായ ഗാന്ധി– ഗാന്ധി നയിച്ച വലിയ സമരങ്ങൾ സാമ്രാജ്യത്വത്തിനെതിരെയെന്നപോലെ തന്റെ ദൗർബല്യങ്ങൾക്കും പരിമിതികൾക്കും എതിരെയുമായിരുന്നു.

ഗാന്ധിയൻ വ്യവഹാരത്തിലെ നൈതികാടിസ്ഥാനം തിരിച്ചറിയണമെങ്കിൽ ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ സ്വീകാര്യത നേടിക്കഴിഞ്ഞ പ്രതിലോമ പ്രത്യയശാസ്ത്രവേഗങ്ങളെ മനസ്സിലാക്കേണ്ടിവരും. 1908 ൽ നടത്തിയ ഒരു പ്രഭാഷണത്തിൽ അരബിന്ദോഘോഷ് ദേശീയതയെന്നാൽ ദൈവദത്തമായ മതമാണെന്ന് പറഞ്ഞു. പിന്നീടദ്ദേഹമതിനെ സനാതന ധർമ്മമെന്ന് വിശേഷിപ്പിച്ചു. ഇത്തരമൊരു ഹൈന്ദവചിന്താധാരയിൽ അധിഷ്ഠിതമായിരുന്നു ആദ്യകാല ഇന്ത്യൻ ദേശീയത. ബാലഗംഗാധരതിലക്, ശ്യാംജി കൃഷ്ണവർമ്മ, ഹർദയാൽ, സവർക്കർ എന്നിങ്ങനെ ഇതിന്റെ പ്രയോക്താക്കൾ ഏറെയായിരുന്നു. മതപരതയുടെ ചിഹ്നവ്യവസ്ഥയെ ജനങ്ങളെ സംഘടിപ്പിക്കാൻ ഉപയോഗിച്ചുകൊണ്ട് അതിന്റെ ഉള്ളടക്കത്തിലുള്ള ഹൈന്ദവതയെ നിരോധിക്കാൻ ഗാന്ധിക്കു കഴിഞ്ഞു. എന്നാൽ

**മതപരതയുടെ ചിഹ്നവ്യവസ്ഥയെ ജനങ്ങളെ സംഘടിപ്പിക്കാൻ ഉപയോഗിച്ചുകൊണ്ട് അതിന്റെ ഉള്ളടക്കത്തിലുള്ള ഹൈന്ദവതയെ നിരോധിക്കാൻ ഗാന്ധിക്കു കഴിഞ്ഞു. എന്നാൽ ഗാന്ധിയൻ വ്യവഹാരത്തിലെ ആത്മീയത മതേതരമായ ആധുനികതയുടെ വിമർശനമായിത്തന്നെ നിലകൊള്ളുന്നു. ഇതിന് പ്രധാനകാരണം ഗാന്ധി പാശ്ചാത്യമായ ലിബറലിസത്തെ തള്ളിപ്പറയുന്നു എന്നതാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഇരട്ടമുഖമായിരുന്നു ലിബറലിസമെന്ന് ഗാന്ധി തിരിച്ചറിഞ്ഞു. യൂറോപ്പിന്റെ അപരമെന്ന നിലക്കു മാത്രം അസ്തിത്വം സാദ്ധ്യമായ ഇന്ത്യക്കകത്ത് നിന്ന് അതിലടങ്ങിയ ഹിംസയെ നിരോധിക്കുന്ന വാങ്മയവും വ്യവഹാരവുമാണ് ഗാന്ധി നിർമ്മിച്ചത്. ‘ഹിന്ദ് സ്വരാജ്’ ഇന്നും പ്രസക്തമാവുന്നത് അതുകൊണ്ടാണ്**

ഗാന്ധിയൻ വ്യവഹാരത്തിലെ ആത്മീയത മതേതരമായ ആധുനികതയുടെ വിമർശനമായിത്തന്നെ നിലകൊള്ളുന്നു. ഇതിന് പ്രധാനകാരണം ഗാന്ധി പാശ്ചാത്യമായ ലിബറലിസത്തെ തള്ളിപ്പറയുന്നു എന്നതാണ്. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ഇരട്ടമുഖമായിരുന്നു ലിബറലിസമെന്ന് ഗാന്ധി തിരിച്ചറിഞ്ഞു. ജോൺ സ്റ്റ്യുവർട്ട് മിൽ പറഞ്ഞത് അധിനിവേശം ഇന്ത്യക്ക് ഗുണം ചെയ്യുമെന്നാണ്. യൂറോപ്പിന്റെ അപരമെന്ന നിലക്കു മാത്രം അസ്തിത്വം സാദ്ധ്യമായ ഇന്ത്യക്കകത്ത് നിന്ന് അതിലടങ്ങിയ ഹിംസയെ നിരോധിക്കുന്ന വാങ്മയവും വ്യവഹാരവുമാണ് ഗാന്ധി നിർമ്മിച്ചത്. ‘ഹിന്ദ് സ്വരാജ്’ ഇന്നും പ്രസക്തമാവുന്നത് അതുകൊണ്ടാണ്. പരിഷ്കൃതി എന്ന ആശയത്തെതന്നെ തർക്കവിഷയമാക്കുകയാണ് ഗാന്ധി ഇവിടെ. ‘ഹിന്ദ് സ്വരാജ്’ ഉന്നയിക്കുന്ന സംശയങ്ങൾ യൂറോപ്യൻ നാഗരികതയുടെ നേട്ടങ്ങളെക്കുറിച്ചാണ്.

ജ്ഞാനോദയജന്യമായ ആധുനികത പലതരം ദ്വന്ദ്വങ്ങളിൽ അധിഷ്ഠിതമായിരുന്നുവെന്ന തിരിച്ചറിവ് ഇന്ന് നമുക്കുണ്ട്. ഇത്തരം ദ്വന്ദ്വങ്ങളിൽനിന്ന് മാറിനടന്നുകൊണ്ട് ഗാന്ധിയൻ വ്യവഹാരം ഒരു ബദൽ ചിന്താപദ്ധതിക്ക് രൂപം കൊടുക്കുന്നു. പരിഷ്കൃതിയുടെ പുറംമോടികളിൽ ഊന്നാതെ അതിനെ ആന്തരികമായ സത്യാന്വേഷണമായും നൈതികമായ ആചരണമായും വ്യാഖ്യാനിക്കുമ്പോൾ ഇന്ത്യയെ അപരിഷ്കൃതമെന്ന് പറയാനാവില്ല. സാമ്രാജ്യത്വവാദത്തിൽ അടങ്ങിയ ദുരാസക്തികളും മദമാത്സര്യങ്ങളും പാശ്ചാത്യ പരിഷ്ക്കാരത്തിന്റെ തുടർച്ചകളായി കാണുകയാണ് ഗാന്ധി ചെയ്തത്. നീതിബലമാണ് സഭ്യതയുടെ അടിസ്ഥാനം. എന്നാൽ യൂറോപ്യൻ പരിഷ്കൃതി അനീതിയെ ഊട്ടി വളർത്തിയിരിക്കുന്നു. യൂറോപ്യൻ വ്യാമോഹങ്ങൾക്ക് അടിമപ്പെട്ടവരാണ് ഇന്ത്യയിൽ അസ്വാതന്ത്ര്യമനുഭവിക്കുന്നത്. ഇങ്ങനെ സ്വാതന്ത്ര്യത്തെ ആന്തരികമായൊരു സ്ഥലമായി അനുഭവപ്പെടുത്തുന്നതോടെ സ്വത്വത്തെക്കുറിച്ചുള്ള പുതിയൊരു നിർവചനവും ‘ഹിന്ദ് സ്വരാജ്’ മുന്നോട്ടു വെക്കുന്നു. സ്വയം വിമോചിതനാവുന്ന വ്യക്തി അനുഭവിക്കുന്ന സ്വാതന്ത്ര്യമാണ് സ്വരാജ്. മുങ്ങിമരിക്കുന്ന ഒരാൾക്ക് മറ്റൊരാളെ രക്ഷിക്കാൻ കഴിയില്ല. ദേശത്തെ ഗാന്ധി വിമോചിത സ്വത്വത്തിന്റെ ആവിഷ്ക്കാരമായി കാണുന്നു.

ഗാന്ധിയുടെ ആശയസമുച്ചയം രൂപപ്പെട്ടത് ഭരണകൂടഭീകരതയുടെ സന്ദർഭത്തിലാണ് ബ്രിട്ടീഷ് സാമ്രാജ്യം ഇന്ത്യയിൽ സ്വയം നീതീകരിക്കാൻ സംസ്കാരത്തെയും വിദ്യാഭ്യാസത്തെയും ശാസ്ത്രത്തെയും കൂട്ടുപിടിച്ചു. ഗാന്ധി പാരമ്പര്യങ്ങളെ കണ്ടെടുത്തുകൊണ്ടാണ് ഇന്ത്യൻ ദേശീയതക്ക് പുതിയൊരു വ്യാഖ്യാനം നൽകിയത്. നേരത്തെ പറഞ്ഞപോലെ ആന്തരിക



സ്വത്വത്തിന്റെ ധാർമികമൂല്യബോധത്തെ ചരിത്രത്തിലേക്കു വിന്യസിച്ചുകൊണ്ട്  ആന്തരികതയും ദേശവും തമ്മിൽ പുതിയൊരു ബന്ധം ഗാന്ധി കണ്ടെടുത്തു. ഇതു പാശ്ചാത്യവ്യവഹാരങ്ങൾക്ക് വഴങ്ങുന്നതായിരുന്നില്ല. ബ്രിട്ടീഷ് സാമ്രാജ്യം സ്വയം ന്യായീകരിക്കാൻ ഉപയോഗിച്ചത് വിപുലമായൊരു ചിഹ്നവ്യവസ്ഥയെയാണ്. രാജവാഴ്ചതന്നെ അനുഷ്ഠാനങ്ങളിലും പുറം കാഴ്ചകളിലും അധിഷ്ഠിതമായൊരു നാട്യവിധാനമാണെന്ന് ഇന്ന് നമുക്കറിയാം. 1858 ൽ ബ്രിട്ടീഷ് മഹാറാണി ഇന്ത്യയുടെ സർവാധിപതിയാവുന്നതോടെ രാജവാഴ്ചയുടെ അധികാരശൈലികൾ അധിനിവേശത്തിന്റെ ഭാഷ്യങ്ങളായി. 1877 ൽ നടന്ന ഒരു മഹാസമ്മേളനത്തിൽ ബ്രിട്ടീഷ് രാജ്ഞിയുടെ പരമാധികാരം ഇന്ത്യയിലെ സർവമാനരാജാക്കന്മാരും സ്വമേധയാ സ്വീകരിച്ചതായി വിളംബരം ചെയ്യപ്പെട്ടു. ഇതിനായി ബ്രിട്ടീഷ് ഭരണകൂടം ഉപയോഗിച്ചത് പദവികളുടെയും അംഗീകാരങ്ങളുടെയും ശ്രേണീബന്ധശൃംഖലയെയാണ്.

1920–21 കാലത്തെ നിസ്സഹരണപ്രസ്ഥാനത്തിന്റെ തുടക്കത്തിൽ ഇന്ത്യക്കാർ ബ്രിട്ടീഷ് സർക്കാരിൽനിന്ന് ലഭിച്ച  എല്ലാവിധ അംഗീകാരങ്ങളും ബഹുമതികളും പദവികളും മെഡലുകളും മടക്കിക്കൊടുക്കണമെന്ന് ഗാന്ധി നിർദ്ദേശിച്ചു. ഭരണകൂടം വരേണ്യവർഗത്തെ തളച്ചിടാൻ ഉപയോഗിച്ച ചിഹ്നവ്യവസ്ഥയെ അസ്ഥിരപ്പെടുത്തുകയാണ് ഗാന്ധി ചെയ്തത്. അധികാരത്തിന്റെ ജനകേന്ദ്രിതമായൊരു പദാവലി ഗാന്ധി നിർമ്മിച്ചു. വിദേശവസ്ത്രങ്ങൾക്കു പകരം കൈകൊണ്ട് നൂറ്റ പരുത്തിവസ്ത്രങ്ങൾ. ബ്രിട്ടീഷുകാർ നടപ്പാക്കിയ ദർബാറുകളെ അനുസ്മരിപ്പിക്കുന്ന മഹാസമ്മേളനങ്ങൾക്കു പകരം പ്രാർത്ഥനാ സഭകൾ. അഖിലേന്ത്യാ കോൺഗ്രസ് കമ്മിറ്റിയോഗങ്ങൾ പോലും ഗാന്ധിക്ക് മുമ്പ് ദർബാറുകളെ അനുസ്മരിപ്പിച്ചു. നേതാക്കന്മാരെ എഴുന്നള്ളിച്ചുകൊണ്ടുവന്നത് രാജകീയമായിട്ടായിരുന്നു. എന്നാൽ ഗാന്ധി നടപ്പിൽ വരുത്തിയ ലാളിത്യത്തിൽ തീർത്ഥയാത്രകളെ അനുസ്മരിപ്പിക്കുന്ന പദയാത്രകൾക്കായി പ്രാമുഖ്യം. ധാർമികതയിലധിഷ്ഠിതമായ സ്വത്വത്തെ ചരിത്രത്തിലെഴുതിചേർക്കുന്നതിലൂടെ പ്രതിരോധത്തിന്റെ പുതിയൊരു പദാവലി ഗാന്ധി കണ്ടെടുത്തു. ഇതിൽ മതപരത ഉൾച്ചേർന്നിരുന്നുവെന്നത് പ്രശ്നവൽക്കരിക്കേണ്ട ഒരു വസ്തുതയാണ്. എന്നാൽ പാശ്ചാത്യനാഗരികതയുടെയും യൂറോപ്യൻ സഭ്യതയുടെയും മാനകരൂപങ്ങളെ അവയുടെ ഉഗ്രപ്രതാപദശയിൽ നിരോധിക്കാൻ ഗാന്ധി രൂപപ്പെടുത്തിയ പ്രതീകവ്യവസ്ഥയുടെ ചരിത്രപരത നാം അംഗീകരിക്കേണ്ടതുണ്ട്. ഭരണകൂടത്തിന്റെ ആധിക്യത്തെ പ്രതിരോധിക്കാൻ ഇന്നും നമുക്ക് ഇത്തരമൊരു ചിഹ്നവ്യവസ്ഥ ഉൾശക്തിതരുന്നുവെന്നത് നിസ്സാരകാര്യമല്ല.

ഇന്ന് ഗാന്ധിമാർഗം ഒരു ബദൽചിന്താദ്ധതിയായി ഉയർന്നുവരാൻ പ്രധാനകാരണം ഭരണകൂടത്തെ കേന്ദ്രസ്ഥാനത്തു പ്രതിഷ്ഠിക്കാത്ത അധികാരഘടനയെ അത് പിന്തുണക്കുന്നു എന്നതാണ്. അധിനിവേശാനന്തര ഭരണകൂടങ്ങൾ ജനങ്ങളെ പ്രതിനിധാനം ചെയ്യുന്നതിൽ പരാജയപ്പെടുമ്പോൾ ഇപ്പോഴും നാം ഗാന്ധിയിലേക്കു തിരിയുന്നു. സായുധസമരത്തിന്റെ മാർഗത്തിലൂടെ 'സ്റ്റേറ്റി'ന്റെ പരമാധികാരത്തെ ചോദ്യം ചെയ്യുന്നത് അതിനെ ശക്തിപ്പെടുത്തും എന്നും നാം കണ്ടുകഴിഞ്ഞു. പരിസ്ഥിതിയെ ചൂഷണം ചെയ്യാത്ത ഉല്പാദന വ്യവസ്ഥയും ഗ്രാമങ്ങളെ പാപ്പരാക്കുന്ന വികസനവും ഗാന്ധിയുടെ ബദൽ രേഖകളെ ചിന്തനീയമാക്കുന്നു. നീതിയാണ് സംസ്കൃതിയുടെ ആന്തരികസത്തയെന്നും, ആന്തരവൽക്കരിച്ച സഹനം ധാർമികതയുടെ പ്രകാശനമാവുമ്പോൾ പ്രതിരോധമാവുമെന്നും പൊതുമണ്ഡലത്തെ വിപുലപ്പെടുത്തുന്ന പ്രതീകങ്ങളുടെ ശക്തിയിലൂടെ ഭരണകൂടങ്ങളെ മെരുക്കാമെന്നും പ്രത്യക്ഷപ്പെടുത്തുന്ന ഗാന്ധിയൻ ചിന്താപദ്ധതിയുടെ പ്രസക്തി ആകുലമായ മനസ്സുകളുടെ വന്യമായ വിഹ്വലതകൾക്കിടയിൽ വലിയൊരാശ്വാസമാണ്.

*With best compliments from*

**CENTRE FOR POST GRADUATE STUDIES**

P.G. Centre

**North Bus Stand**
**Thrissur-20.**
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com